# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3227 24/02/2016-ൽ മറുപടിയ്ക്ക്**

## ഭവനങ്ങളുടെ അറ്റകുറ്റപണി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ:<br>ശ്രീ. പി. എ. മാധവൻ:<br>ശ്രീ. ആർ. സെൽവരാജ്:<br>ശ്രീ. സണ്ണി ജോസഫ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| എ) മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ അറ്റകുറ്റ പണിക്ക് കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ഭവന അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്, സംയോജിത മത്സ്യഗ്രാമവികസന പദ്ധതി (2013-14) മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16) എന്നിവയിൽ ഉൾപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് മുഖേന 1000 മത്സ്യത്തൊഴിലാളി ഭവനങ്ങളും സംയോജിത മത്സ്യഗ്രാമവികസന പദ്ധതി പ്രകാരം 1000 മത്സ്യത്തൊഴിലാളി ഭവനങ്ങളുടെയും മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസന പദ്ധതി പ്രകാരം 3800 മത്സ്യത്തൊഴിലാളി ഭവനങ്ങളും അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിനുള്ള ധനസഹായമാണ് നൽകുന്നത്. മേൽപ്പറഞ്ഞത് കൂടാതെ 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് മുഖേനയുള്ള കോളനി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത ഫിഷർമെൻ കോളനികളിലെ 921 മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ കാലപ്പഴക്കത്താലുള്ള ജീർണ്ണത പരിഹരിച്ച് സുരക്ഷിത ജീവിത സാഹചര്യം ഒരുക്കുക എന്നതാണ് ഉദ്ദേശ ലക്ഷ്യം. ഇങ്ങനെ ഭവനങ്ങൾ അറ്റകുറ്റപ്പണി നടത്തി ശക്തിപ്പെടുത്തുന്നതിനായി യൂണിറ്റിന് 50,000/- രൂപ വീതമാണ് അനുവദിക്കുന്നത്. |

| | |
|---|---|
| സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | സി) മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ബന്ധപ്പെട്ട ജില്ലാ ഫിഷറീസ് ഓഫീസർക്ക് സമയബന്ധിതമായി അനുവദിക്കുകയും നിർവ്വഹണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും പദ്ധതി പ്രവർത്തന പുരോഗതികൾ ഡിപ്പാർട്ട്മെന്റ്/ സർക്കാർ തലത്തിൽ എല്ലാ മാസത്തിലും വിലയിരുത്തുകയും ചെയ്യുന്നു. |

**സെക്ഷൻ ആഫീസർ**